പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ. T.1025. 29/09/2011-ൽ മറുപടിയ്ക്ക്

ഭൂമിയുടെ വില നിശ്ചയിക്കുന്നതിന് നിയമനിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി.എസ്.ജയലാൽ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) വ്യവസായം, റോഡ് വികസനം തുടങ്ങിയുള്ള ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ ഉടമസ്ഥർക്ക് നിലവിൽ എന്ത് മാനദണ്ഡങ്ങൾക്ക് വിധേയമായാണ് ഭൂമിയുടെ വില നൽകുന്നത് ;<br>(ബി) ഭൂമിയുടെ കമ്പോള വിലയെക്കാൾ കുറഞ്ഞ വിലയാണ് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(സി) എങ്കിൽ പ്രസ്തുത പ്രശ്നത്തിന് പരിഹാരം എന്ന നിലയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;<br>(ഡി) ഭൂമി ഏറ്റെടുത്തശേഷം നിശ്ചിത കാലയളവിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചില്ലായെങ്കിൽ ഭൂമി തിരികെ ഭൂവുടമയ്ക്ക് ലഭ്യമാകുംവിധം നിയമനിർമ്മാണം നടത്തുവാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ ? | (എ) (ബി) (സി) & (ഡി) ലാന്റ് അക്വിസിഷൻ ആക്റ്റിലെ വ്യവസ്ഥകളനുസരിച്ചാണ് സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കൽ നടത്തി വരുന്നത്. ചില പ്രത്യേക പ്രോജക്ടുകൾക്കായി ഫാസ്റ്റ് ട്രാക് വ്യവസ്ഥയിലും ഏറ്റെടുക്കൽ നടത്താറുണ്ട്. ഭൂമി ഏറ്റെടുക്കൽ നിയമമനുസരിച്ച് സ്ഥലമേറ്റെടുക്കുമ്പോൾ ഭൂമിയുടെ കമ്പോള വിലയെക്കാൾ കുറഞ്ഞ വിലയാണ് ഗുണഭോക്താക്കൾക്ക് ലഭിച്ചു വരുന്നത്. ഫാസ്റ്റ് ട്രാക് പദ്ധതി പ്രകാരം ഭൂമിയുടെ ഉടമകൾക്ക് താരതമ്യേന മെച്ചപ്പെട്ട നഷ്ടപരിഹാരം ലഭിക്കുന്നുണ്ട്. ഭൂമി ഏറ്റെടുക്കലിന്റെ വിപരീത ഫലങ്ങൾ കുറയ്ക്കുന്നതിനും, ഭൂദാതാക്കളുടെ സാമൂഹികവും സാമ്പത്തികവുമായ അന്തസ്സ് നിലനിറുത്തുന്നതിനുമായി ഒരു പൊതുവായ പുനരധിവാസ, പുന:ക്രമീകരണ നയത്തിന് രൂപം കൊടുക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഏറ്റെടുത്ത ഭൂമി നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗിച്ചില്ലെങ്കിൽ തിരികെ ഏറ്റെടുക്കുക, ഭൂദാതാക്കൾക്ക് പദ്ധതിയുടെ ഓഹരി ഉടമകളാകാൻ അവസരം നൽകുക, ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു മുൻപ് ഭൂദാതാക്കളുമായി ചർച്ച നടത്തുക തുടങ്ങിയ കാര്യങ്ങൾ പുതിയ നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഈ നയം ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രി കൺവീനറായ മന്ത്രി സഭാ ഉപസമിതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ